(vi) 1985-ലെ കേരള പൊതു പ്രവർത്തകർ (അഴിമതി നിരോധന) ഭേദഗതി ബിൽ

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, അഴിമതി നിരോധന നിയമത്തിന ഞാൻ കൊടുത്തിട്ടുള്ള ഭേദഗതികൾ ഇന്ന് വളരെ പ്രസക്തമായി തീർന്നിരിക്കുകയാണ്. പണ്ട് തിരുവിതാംകൂറിൽ രാജവാഴ്ച നിലവിലിരുന്ന കാലത്ത് അന്നത്തെ നായർ പ്രമാണിമാർ കൂടി നായർ റെഗുലേഷൻ എന്ന് പറഞ്ഞ് ഒരു നിയമം ഉണ്ടാക്കി. ആ നിയമപ്രകാരം നായൻമാരുടെ വിവാഹമോചന ഇൻ-ക്യാമറ അല്ലെങ്കിൽ രഹസ്യമായി നടത്തണമെന്നാണ്. ഭാര്യയും ഭർത്താവുമായിട്ടുള്ള ബന്ധം ആരും അറിയരുതെന്നുള്ള വിചാരത്തിലാണ് അങ്ങനെ ഒരു ഇൻ-ക്യാമറ ട്രയൽ വച്ചത്. അങ്ങനെ നായൻമാരുടെ വിവാഹമോചന കേസുപോലെയാണ് നമ്മളുടെ അഴിമതി നിരോധന നിയമത്തിലെ ഇൻ-ക്യാമറ സെഷൻ. നായൻമാരുടെ കല്യാണം പോലെയാണോ സർ, ഈ അഴിമതി നിരോധന നിയമം. ചങ്ങനാശ്ശേരി പരമേശ്വരൻ പിള്ള കൊണ്ടുവന്ന നിയമത്തിന് ഒരു പ്രസക്തിയുണ്ട്.

ശ്രീ. എം. എം. ഹസ്സൻ: ശ്രീ. രാധാകൃഷ്ണന് അതിനെക്കുറിച്ച് വല്ല വിവരവുമുണ്ടെങ്കിൽ പറയട്ടെ.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഞാൻ പറഞ്ഞുവന്നത് നായൻമാരെ ആക്ഷേപിക്കാനല്ല, ഇത് രാജ്യത്ത് നിലവിലിരുന്ന ഒരു നിയമമാണ്. ഈ രാജ്യത്ത് സ്വാതന്ത്ര്യം കിട്ടുന്നതിനു മുമ്പ് നിയമപ്രകാരം കേസ് നടത്തിയവനാണ് ഞാൻ. ഒടുവിൽ ഇന്നത്തെ ചിന്താഗതിക്ക് യോജിച്ചതല്ലെന്ന് പറഞ്ഞ് ആളുകൾ തന്നെ എതിർത്ത് ആ നിയമം ഇല്ലാതായി.

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള: ഒറ്റ നായരു രാധാകൃഷ്ണനെ വിശ്വസിച്ച് കേസ് കൊടുക്കുകയില്ല. ഇത് വെറുതെ പറഞ്ഞതാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ബാലകൃഷ്ണപിള്ളയുടെ കേസടക്കം എനിക്ക് കിട്ടിയിട്ടുണ്ട്. അതുകൊണ്ട് ഞാൻ പറയുകയാണ് ഒരു സമുദായത്തെ ഉദ്ദേശിച്ചോ, ഒരു സമുദായത്തെ ആക്ഷേപിക്കാനോ പറഞ്ഞതല്ല. ഈ രാജ്യത്ത് നിയമപുസ്തകത്തിൽ എഴുതിയിരിക്കുന്ന ഒരു അനക്രോണിസം എന്ന നിലയ്ക്കാണ് പറഞ്ഞത്. അതുകൊണ്ട് ഈ രാജ്യത്ത് രഹസ്യമായിട്ട് ഈ അഴിമതി നിരോധന നിയമം വിചാരണ ചെയ്യുന്നതിന്റെ അനാവശ്യത്തെക്കുറിച്ച് ചൂണ്ടിക്കാണിക്കാനാണ് ഈ നായർ റെഗുലേഷന്റെ കാര്യം പറഞ്ഞത്. അതുപോലെ ഈഴവ റെഗുലേഷനുണ്ട്. അവിടെ വിവാഹ മോചനം പരസ്യമായിട്ടാണ്. കൂടാതെ ഇന്നുള്ള എല്ലാ വിവാഹ മോചനങ്ങളും പരസ്യമാണ്. രാജവാഴ്ചക്കാലത്ത് നിലവിലിരുന്ന ഒരു സമുദായം എന്നുള്ള നിലയ്ക്ക് ആ രീതിയിലുള്ള വിചാരണ രീതി ഈ അഴിമതി നിരോധന നിയമത്തിൽ ഉൾപ്പെടുത്തേണ്ട കാര്യമുണ്ടോ? നമ്മൾ ജനാധിപത്യ യുഗത്തിലല്ലേ ജീവിക്കുന്നത്.

(ചർച്ച തുടരുന്നതാണ്)

LIBRARY ARCHIVES Kerala Legislative Assembly